MR. P. BALAKRISHNAN TAMPI : May I point out to the Government that there are hundreds of other cases of men not found fit by the appointing authorities, that the appointment is made by the Public Service Commissioner subject to his satisfying the departmental requirements, that there are hundredsof such cases which have come to the knowledge of many honourable members of this House and that this is not an isolated case? All such cases may be considered by Government.

MR. PONNARA G. SREEDHAR : സി. കെ. കിട്ടൻ എന്ന ആളിനു പൊക്കവും വണ്ണവും ആവശ്യമില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറിൽ എന്തെങ്കിലും ഉദ്യോഗംകൊടുത്തുകൂടെ?

HON'BLE MR. E. K. MADHAVAN: അതും ആലോചനാവിഷയമാക്കാവുന്നതാണ്.

MR. PONNARA G. SREEDHAR : ഇപ്പോൾ അയാളെ ഒന്നുകൂടി അളന്നു നോക്കുമോ?

HON'BLE MR. E. K. MADHAVAN: ആദ്യം അളന്നു നോക്കിയതുകൊണ്ട് ഒന്നുകൂടെ അളന്നു നോക്കേണ്ട ആവശ്യമില്ല.

MR. K. A. GANGADHARA MENON : പബ്ലിക്ക് സർവീസ് കമ്മീഷണർ നിയമനം നടത്തുകയാണോ അതോ ശുപാർശചെയ്യുകയാണോ?

HON'BLE MR. E. K. MADHAVAN : ശുപാർശ ചെയ്കയാണ്.

MR. K. A. GANGADHARA MENON : ആവശ്യമുള്ള പൊക്കവും വണ്ണവും ഉണ്ടോ എന്നു നോക്കുന്നത് നിയമനം നടത്തുന്ന ഉദ്യോഗസ്ഥനല്ലേ?

HON'BLE MR. E. K. MADHAVAN: അതെ.

MR. P. S. MUHAMMED: ഉദ്യോഗം കൊടുക്കാനുള്ള അധികാരം ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർക്കുണ്ടോ?

MR. T. A. ABDULLA : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ ചോദ്യത്തിനുത്തരം പറയേണ്ടത് എക്സൈസ് മന്ത്രിയാണോ, അതോ പബ്ലിക്ക് സർവീസ് മന്ത്രിയാണോ എന്ന് അറിഞ്ഞാൽ കൊള്ളാം.

MR. P. S. MUHAMMED : Answer is not given to my question.

MR. PRESIDENT : That does not deserve answer.

ദേശീയ വിദ്യാഭ്യാസം.

*127 MR. P. C. ADICHAN (*Kunnathur II—Kurava*): താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസം ദേശീയമാക്കുന്നതിൽ ബഹുമാനപ്പെട്ട ഗവണ്മെൻറിനു വല്ല ആലോചനയും ഉണ്ടോ എന്നു സദയം പറയാമോ?

HON'BLE MR. N. KUNJURAMAN : ഈ സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കയാണു്.

കന്നുകാലിമേച്ചിൽസ്ഥലങ്ങൾ.

*128 MR. P. C. ADICHAN : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കന്നുകാലിമേച്ചിൽ സ്ഥലങ്ങളുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കന്നുകാലിമേച്ചിൽ സ്ഥലങ്ങൾ സമീപത്തെങ്ങും ഇല്ലാത്ത പട്ടണങ്ങളിലും കടലോരപ്രദേശങ്ങളിലും വളരുന്ന കന്നുകാലികൾ മറ്റു കന്നുകാലികളെ അപേക്ഷിച്ചു് വളരെ ആരോഗ്യമുള്ളതായും അവിടെ പശുക്കൾക്കു് മറ്റു പശുക്കളെ അപേക്ഷിച്ചു് കൂടുതൽ പാൽഉള്ളതായും ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

(ബി) കന്നുകാലിമേച്ചിൽസ്ഥലത്തിനടുത്തു് വളരുന്ന കന്നുകാലികൾ വളരെ ആരോഗ്യം നശിച്ചു് കാണപ്പെടുന്നതായി ബഹുമാനപ്പെട്ട ഗവണ്മെൻറിനറിയാമോ എന്നു സദയം മറുപടി പറയുമോ?

HON'BLE MR. V. O. MARKOS : (*a*) Government are aware that cattle in towns and coastal areas which are fed with concentrate feeds like oil-cakes, oil-seeds, and pulses are more healthy and better performers than cattle depending entirely on grazing.

(*b*) *No.*

Construction of cemetaries and places of public worship.

*129. MR. PAUL THALIAT : Will the Honourable Minister for Political and General be pleased to state :

(a) whether any representations have been received requesting for the repeal of all the rules passed during the regime of Sir C. P. Ramaswami Aiyar, restricting the construction of cemetaries and places of public worship ; and

(*b*) if the answer to part (a) is in the affirmative what action has been taken ?

HON'BLE MR. T. K. NARAYANA PILLAI :

(a) Yes.

(b) The matter is receiving the attention of Government.

MR. PAUL THALIAT : എത്രയും വേഗത്തിൽ ഈ സംഗതിയിൽ ഒരു തീരുമാനമുണ്ടാക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly